# സെൻട്രൽ പോളിടെക്നിക് കോളേജ്, തിരുവനന്തപുരം

## വട്ടിയൂർക്കാവ്, തിരുവനന്തപുരം

CPTC/227/2026-P1 14-05-2026

**ക്വട്ടേഷൻ നോട്ടീസ്**

**ക്വട്ടേഷൻ നമ്പർ : 01/2026-27**

സർക്കാർ പോളിടെക്നിക് കോളേജിനോടനുബന്ധിച്ചുള്ള ക്യാൻറീൻ 2026 ജൂൺ 1 മുതൽ ഒരു വർഷത്തെ കാലയളവിലേക്ക് നടത്തുന്നതിന് താല്പര്യമുള്ള കരാറുകാരിൽ നിന്നും താഴെപ്പറയുന്ന ഭക്ഷണ സാധനങ്ങളുടെ മിതമായ നിരക്കുകളടങ്ങിയ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നമ്പർ | വിഭവങ്ങളുടെ ലിസ്റ്റ് | അളവ് |
|---|---|---|
| 1 | ചായ (അംഗീകൃത കമ്പനിയുടെ തേയില ) | 150 ML |
| 2 | കാപ്പി | 150 ML |
| 3 | ഇഡ്ഡലി | 50 gm |
| 4 | ദോശ | 50 gm |
| 5 | പെറോട്ട | 50 gm |
| 6 | പാലപ്പം | 50 gm |
| 7 | ചപ്പാത്തി | 25 gm |
| 8 | പൂരി മസാല | 1 സെറ്റ് (3 എണ്ണവും കറിയും) |
| 9 | കടലക്കറി/വെജിറ്റബിൾ കറി/ഉരുളകിഴങ്ങു കറി/മുട്ടകറി തുടങ്ങിയ കറികൾ | 100 gm |
| 10 | പരിപ്പ് വട | 50 gm |
| 11 | പഴം പൊരി | 50 gm |
| 12 | ഉഴുന്ന് വട | 50 gm |
| 13 | ഉള്ളി വട | 50 gm |
| 14 | ബോണ്ട | 50 gm |
| 15 | ഓംലെറ്റ് | 1 മുട്ട |
| 16 | പുട്ട്,പയർ,പർപ്പടകം | 50 gm |
| 16 | ബീഫ് കറി | 200 gm |
| 17 | ചിക്കൻ കറി | 200 gm |
| 18 | ചിക്കൻ ഫ്രൈ | 200 gm |
| 19 | മീൻ കറി | 75 gm |
| 20 | മീൻ വറുത്തത് | 75 gm |
| 21 | ഉപ്പ് മാവ് | 200 gm |
| 22 | ബിരിയാണി (വെജിറ്റബിൾ ,ചിക്കൻ ,മുട്ട ) | മിനിമം 350 gm |
| 23 | ജ്യൂസ് (നാരങ്ങ) | 200 ML |
| 24 | ഊണ്(നല്ലയിനംഅരി,പരിപ്പ്,സാമ്പാർ,/പുളിശ്ശേരി/രസം/മോര്,കപ്പ , അവിയൽ, പർപ്പടകം, തോരൻ, അച്ചാർ ,ജീരക വെള്ളം) Stan | ആവശ്യാനുസരണം |

| | | |
|---|---|---|
| | dard meals | |

**ക്വട്ടേഷൻ തുറക്കുന്ന തീയതി :28.05.2026 11.30 AM**

സ്ഥലം:സെൻട്രൽ പോളിടെക്നിക് കോളേജ് ,വട്ടിയൂർകാവ്
പകർപ്പ്:
1. ക്യാൻറീൻ
2.നോട്ടീസ് ബോർഡ്/കോളേജ് വെബ് സൈറ്റ്
3. വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
4. കോർപ്പറേഷൻ സോണൽ ഓഫീസ്
5. ഓഫീസ് കോപ്പി

താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.

1. പ്രിൻസിപ്പാൾ, സെൻട്രൽ പോളിടെക്നിക് കോളേജ്, വട്ടിയൂർകാവ് എന്ന വിലാസത്തിൽ മുദ്ര വച്ച കവറിൽ ആയിരിക്കണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. ക്വട്ടേഷൻ അടക്കം ചെയ്ത കവറിനു മുകളിൽ "ക്യാൻറീൻ നടത്തിപ്പിനുള്ള ക്വട്ടേഷൻ" എന്ന് എഴുതേണ്ടതാണ്.

2. ക്വട്ടേഷനോടൊപ്പം പ്രിൻസിപ്പാളിന്റെ പേരിൽ എടുത്ത 500/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരത ദ്രവ്യമായി സമർപ്പിക്കേണ്ടതാണ്.അല്ലാതെ സമർപ്പിക്കുന്ന ക്വട്ടേഷനുകൾ നിരസിക്കുന്നതാണ് .

3. ക്യാൻറീൻ നടത്തിപ്പിൻറെ കാലാവധി നടത്തിപ്പിനുള്ള അനുമതി കൈപ്പറ്റുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മാത്രമായിരിക്കും

4. ഗുണ നിലവാരത്തിലും / അളവിലും എന്തെങ്കിലും തകരാറുണ്ടെന്ന് മനസിലാക്കുകയോ, നടത്തിപ്പിനെ കുറിച്ച് പരാതി ലഭിക്കുകയോ ചെയ്താൽ യാതൊരു മുന്നറിയിപ്പും കൂടാതെ ക്യാൻറീൻ നടത്തിപ്പ് അനുമതി റദ്ദ് ചെയ്യുന്നതായിരിക്കും .
5. ക്വട്ടേഷനുകൾ 28.05.2026 രാവിലെ 10 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 11.30 AM മണിക്ക് ഹാജരുള്ള ലേലക്കാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതുമായിരിക്കും .

6. നിശ്ചിത തീയതിക്കകം ലഭ്യമായ ക്വട്ടേഷനുകൾ ക്യാൻറീൻ ഉപദേശക സമിതി പരിശോധിക്കുന്നതും സമിതിയ്ക്ക് ബോധ്യമായ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതും ക്യാൻറീൻ നടത്തിപ്പിനുള്ള ഉത്തരവ് നൽകുന്നതുമായിരിക്കും.

7. തിരുത്തലുകൾ ഉള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല .

8 . ക്യാൻറീൻ നടത്തിപ്പിനുള്ള ഉത്തരവ് ലഭിക്കുന്ന വ്യക്തി കരുതൽ ധനമായ ₹6000/- (ആറായിരം രൂപ മാത്രം) രൂപ ഓഫീസിൽ ഒടുക്കേണ്ടതാണ്.കൂടാതെ ₹220/- (ഇരുന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപ വില വരുന്ന കേരള സ്റ്റാമ്പ് പേപ്പറിൽ ക്യാൻറീൻ നടത്തിപ്പിനെ സംബന്ധിക്കുന്ന കരാർ വ്യവസ്ഥ ചെയ്യേണ്ടതാണ്.

9.എല്ലാ അദ്ധ്യയന ദിവസങ്ങളിലും ഇവനിംഗ് ക്ലാസ്സുകൾക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ രാത്രി 8.00pm വരെ ക്യാൻറീൻ തുറന്നു പ്രവർത്തിക്കേണ്ടതാണ്.പ്രിൻസിപ്പാൾ നിർദ്ദേശിക്കുന്ന അവധി ദിവസങ്ങളിലും വെക്കേഷനിലും പരീക്ഷ സമയത്തും ക്യാൻറീൻ പ്രവർത്തിക്കേണ്ടതാണ്.

10. ക്യാൻറീനിലെ സ്ഥാവര ജംഗമ വസ്തുകൾക്ക് (ക്യാൻറീൻ കെട്ടിടം ,ജലവിതരണം ,വൈദ്യുതി വിതരണം) എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചതായി മനസിലാക്കിയാൽ നടത്തിപ്പ്കാരിൽ നിന്നും അതിൻറെ തുക ഈടാക്കുന്നതായിരിക്കും. പി റ്റി എ യുടെ ഉടമസ്ഥയിൽ ഉള്ള വസ്തുവകകൾ ഒഴികെ ക്യാൻറീൻ നടത്തിപ്പിന് ആവശ്യമുള്ളവ സ്വന്തമായി കൊണ്ടുവരേണ്ടതാണ്.കാലാവധി അവസാനിക്കുമ്പോൾ' പ്രസ്തുത സാധനങ്ങൾ തിരികെ കൊണ്ട് പോകേണ്ടതാണ്.

11. ആഹാര സാധനങ്ങളുടെ നിരക്ക് കൊട്ടേഷൻ കാലാവധി തീരുന്നത് വരെ മാറ്റമില്ലാതെ തുടരേണ്ടതാണ്.

12. ക്വട്ടേഷൻ ഉത്തരവ് നല്കിയാൽ നിശ്ചിത തീയതിക്കകം പ്രവർത്തനം തുടങ്ങേണ്ടതാണ്.ഉത്തരവ് നിരസിക്കുന്നവരുടെയും ഇടയ്ക്ക് വച്ച് നിർത്തുന്നവരുടെയും നിരത ദ്രവ്യം കണ്ടു കെട്ടുന്നതാണ്.

13. ക്വട്ടേഷൻ ലഭിക്കുന്നയാൾ സ്വന്തം ചെലവിൽ നിയമാനുസരണമുള്ള രജിസ്ട്രേഷൻ /ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ് സ്വായക്തമാക്കേണ്ടതുണ്ട്.

14. ജീവനക്കാർ പകർച്ച വ്യാധികളിൽ നിന്നും വിമുക്തരാണെന്ന് തെളിയിക്കുന്ന സർട്ടിഫികറ്റ് സ്വന്തം ഉത്തരവാദിത്വത്തിൽ എടുക്കേണ്ടതാണ്.

15. ക്യാൻറീൻ കെട്ടിടം കീഴ് വാടകയ്ക്കോ മേലാദായത്തിനോ കൊടുക്കുവാൻ പാടില്ല .
16. ക്യാൻറീൻ വേസ്റ്റും മാലിന്യങ്ങളും സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ് .

1 7 . ജീവനക്കാർ സുരക്ഷാ ക്രമീകരണങ്ങളനുസരിച്ച് ഹെയർ നെറ്റ് ധരിക്കണമെന്നുള്ളത് പാലിക്കേണ്ടതാണ്.

18. പ്രതിമാസം ക്യാൻറീൻ വാടക ഇനത്തിൽ ₹2000/- രൂപ എല്ലാ മാസവും അഞ്ചാം തീയതിയ്ക്ക് മുമ്പായി ഓഫീസിൽ ഒടുക്കേണ്ടതാണ്. കൂടാതെ ഓരോ മാസവും ക്യാൻറീൻ കെട്ടിടത്തിന്റെ ഇലക്ട്രിസിറ്റി ചാർജ്ജിന്റെ പകുതി തുക കരാറുകാരൻ ഒടുക്കേണ്ടതാണ്.

19. ക്വട്ടേഷനെ സംബന്ധിച്ചും നടത്തിപ്പിനെ സംബന്ധിച്ചും അന്തിമായി തീരുമാനം എടുക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പാളിൽ മാത്രം നിക്ഷിപ്തമാണ്.

20. സർക്കാർ ക്വട്ടേഷൻറെ എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.

Digitally signed by
BEENA L S
Date: 14-05-2026
15:38:53

Beena L S

Principal CPTC